നൽകുന്നതിനുവേണ്ടി 23-10-1999-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 151/99/റ്റിഡി പ്രകാരം ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഈ വർഷം 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. അതിൽ 5 ലക്ഷം രൂപ ഇതിനോടകം സാമ്പത്തിക സഹായമായി നൽകിക്കഴിഞ്ഞു. ഇതനുസരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ ഫലം അറിയാനിരിക്കുന്നതേയുള്ളു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

## വ്യാജമദ്യ വില്പനക്കെതിരെ സ്വീകരിച്ച നടപടി

**44(1099)** ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിഷമദ്യം കഴിച്ച് എത്രപേർ മരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ കള്ളുഷാപ്പുകളിൽ വിൽക്കുന്ന കള്ളിന്റെ ഗുണ നിലവാരം പരിശോധിക്കുന്നതിൽ കാര്യക്ഷമത കാട്ടുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഗുണനിലവാരം കുറഞ്ഞതും വ്യാജ സ്പിരിറ്റ് ചേർത്തതുമായ കള്ളു വില്പന കർശനമായി നിയന്ത്രിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വില്പന നികുതി പിരിവിന്റെ ടാർജറ്റ്

**45 (1100)** ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മുൻഗവൺമെന്റിന്റെ കാലത്ത് ഓരോ വർഷവും വില്പന നികുതി പിരിവിന്റെ ടാർജറ്റ് എത്രയായിരുന്നു ;

---

†അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്ന് ഓരോ വർഷവും എന്തു തുക വീതം വില്പന നികുതിയിനത്തിൽ പിരിച്ചിരുന്നു ;

(സി) ഈ ഗവൺമെന്റ് വന്നശേഷം ഓരോ വർഷവും വില്പന നികുതി പിരിവിന് നിശ്ചയിച്ച ടാർജറ്റ് എത്ര വീതമായിരുന്നു ;

(ഡി) ഇത് ഓരോ വർഷവും മുൻവർഷത്തേക്കാൾ എത്ര ശതമാനം വീതം കൂടുതലായിരുന്നു ;

(ഇ) ഈ ഗവൺമെന്റ് വന്നശേഷം ഓരോ വർഷവും എന്തു തുക വീതം വില്പന നികുതിയിനത്തിൽ പിരിച്ചെടുത്തു ;

(എഫ്) ഇത് ടാർജറ്റിനേക്കാൾ കുറവായിരുന്നുവോ; കൂടുതലായിരുന്നുവോ ;

(ജി) കുറവായിരുന്നെങ്കിൽ അതിനുള്ള കാരണമെന്തന്ന് അറിയിക്കുമോ ?

ഉത്തരം

(എ)

| | | |
|---|---|---|
| 1991-92-ൽ | 998.60 | കോടി രൂപ |
| 1992-93-ൽ | 1184.64 | കോടി രൂപ |
| 1993-94-ൽ | 1478.20 | കോടി രൂപ |
| 1994-95-ൽ | 1650.00 | കോടി രൂപ |
| 1995-96-ൽ | 1930.16 | കോടി രൂപ |

(ബി)

| | | |
|---|---|---|
| 1991-92-ൽ | 1122.10 | കോടി രൂപ |
| 1992-93-ൽ | 1305.69 | കോടി രൂപ |
| 1993-94-ൽ | 1533.24 | കോടി രൂപ |
| 1994-95-ൽ | 1864.93 | കോടി രൂപ |
| 1995-96-ൽ | 2285.96 | കോടി രൂപ |

(സി & ഡി)

| | | |
|---|---|---|
| 1996-97-ൽ | 2500.00 | കോടി രൂപ |
| 1997-98-ൽ | 3276.00 | കോടി രൂപ |
| 1998-99-ൽ | 3828.00 | കോടി രൂപ |
| 1999-2000-ൽ | 4144.10 | കോടി രൂപ |

| | | |
|---|---|---|
| 1996-97-ൽ | മുൻ വർഷത്തേക്കാൾ | 30% വും |
| 1997-98-ൽ | മുൻ വർഷത്തേക്കാൾ | 31% വും |
| 1998-99-ൽ | മുൻ വർഷത്തേക്കാൾ | 17% വും |
| 1999-2000-ൽ | മുൻ വർഷത്തേക്കാൾ | 8% വും കൂടുതലായിരുന്നു. |

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അക്കൗണ്ടന്റ് ജനറലിന്റെ റിക്കൺസിലിയേറ്റഡ് കണക്കുകൾ അനുസരിച്ച് 1996-1997 മുതൽ 1998-1999 വരെയുള്ള വില്പന നികുതിപിരിവ് താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1996-97 | 2772.28 | കോടി രൂപ |
| 1997-98 | 3084.08 | കോടി രൂപ |
| 1998-99 | 3366.62 | കോടി രൂപ |

30-11-1999 വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് 1999-2000-ൽ 2090.36 കോടി രൂപയാണ് പിരിവ്.

(എഫ്) 1996-1997 ഒഴികെ ബാക്കിയുള്ള വർഷങ്ങളിൽ (1997-98, 1998-99) ടാർജറ്റിനേക്കാൾ കുറവായിരുന്നു.

(ജി) പൊതുവായ സാമ്പത്തിക മാന്ദ്യത്തിന് പുറമെ റബറിന്റെ വിലയിടിവ്, വിപണനരംഗത്തെ മാന്ദ്യം കെട്ടിടനിർമ്മാണരംഗത്തെയും വ്യാപാര വ്യവസായരംഗത്തെയും മാന്ദ്യം മുതലായ കാരണങ്ങളാൽ ലക്ഷ്യമിട്ടിരുന്ന മുഴുവൻ തുകയും വില്പനനികുതിയിനത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞില്ല.

**ടാക്സ് അടച്ച സ്ഥാപനങ്ങളുടെ മേൽ തെറ്റായ അസസ്മെന്റ്**

**46 (1101)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) യഥാർത്ഥത്തിൽ അടയ്ക്കേണ്ട ടാക്സ് അടച്ച സ്ഥാപനങ്ങളുടെമേൽ ചില ഉദ്യോഗസ്ഥൻമാർ തെറ്റായ അസസ്മെന്റ് നടത്തുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ ടാക്സ് അസസ് ചെയ്യപ്പെടുകയും അതിനെത്തുടർന്ന് അപ്പീൽ പോകുകയും ചെയ്ത എത്ര സംഭവത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഉണ്ടായി എന്നു വെളിപ്പെടുത്താമോ ;

(സി) ഇതിൽ എത്ര അപ്പീലുകൾ വെറുതെ വിട്ടു എന്ന കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) കാർഷികാദായനികുതി വില്പനനികുതി നിയമങ്ങളനുസരിച്ച് പുറപ്പെടുവിക്കപ്പെട്ട വിവിധ ഉത്തരവുകൾക്കെതിരേ 20624 അപ്പീലുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(സി) 1906 അപ്പീലുകൾ പൂർണ്ണമായി അനുവദിച്ചുത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly